കേരള സർക്കാർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001
ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,
വെബ്സൈറ്റ്: www.prd.kerala.gov.in

------------------ -------------------------------------------

പത്രക്കുറിപ്പ് 'ഭരണഭാഷ-മാതൃഭാഷ' 2019 മെയ് 18 ശനി

------------------ -------------------------------------------

## വോട്ടെണ്ണൽ പരിശീലനം 21ന്

ആലപ്പുഴ: മാവേലിക്കര ലോകസഭ മണ്ഡലത്തിലെ വോട്ടെണ്ണലുമായി ബന്ധപ്പെട്ട് 16,17,18 തീയതികളിൽ നടത്തിയ പരിശീലന ക്ലാസുകളിൽ പങ്കെടുക്കാൻ സാധിക്കാത്ത കൗ ിങ് സൂപ്പർവൈസർ, കൗ ിങ് അസിസ്റ്റന്റ്, മൈക്രോ ഒബ്സർസർവർമാർ എന്നിവർക്കായി മെയ് 21ന് ഉച്ചയ്ക്കു ര ിന് സിവിൽ സ്റ്റേഷനിലെ ജില്ല പ്ലാനിങ് ഓഫീസിൽ പരിശീലനം നൽകും. പരിശീലന ക്ലാസിൽ പങ്കെടുക്കാൻ സാധിക്കാതിരുന്ന ഉദ്യോഗസ്ഥർ അന്നേദിവസം ക്ലാസിൽ പങ്കെടുക്കണം. ഇതുവരെ ക്ലാസിൽ പങ്കെടുക്കാത്ത ജീവനക്കാർക്കെതിരെ ജനപ്രാതിനിധ്യനിയമപ്രകാരം നടപടി സ്വീകരിക്കും.

## എംപ്ലോയബിലിറ്റി സെന്ററിൽ അഭിമുഖം മെയ് 20 ന്

ആലപ്പുഴ: ജില്ല എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന് കീഴിലുള്ള എംപ്ലോയബിലിറ്റി സെന്ററിൽ ഒരു സ്വകാര്യസ്ഥാപനത്തിലേക്ക് ടി.ടി.സി/ബിഎഡ് , ഏതെങ്കിലും വിഷയത്തിൽ ബിരുദം യോഗ്യതയുള്ള 38 വയസ്സ് വരെ പ്രായമുള്ള വനിതകളായ ഉദ്യോഗാർഥികൾക്കായി അധ്യാപക തസ്തികയിലേക്കും ബിരുദം യോഗ്യതയുള്ള 45 വയസ്സ് വരെ പ്രായപരിധിയുള്ള ഉദ്യോഗാർത്ഥികൾക്കായി മാർക്കറ്റിങ് എക്സിക്യൂട്ടീവ് തസ്തികയിലേക്കും മെയ് 20 തിങ്കളാഴ്ച രാവിലെ 10ന് അഭിമുഖം നടക്കുന്നു. പ്രവർത്തി പരിചയം ആവശ്യമില്ല. ഫോൺ: 0477 -2230624, 0477-2230626, 9656421872.

## കണ്ണൂർ സർവ്വകലാശാല:
## ബിരുദാനന്തര ബിരുദ പ്രവേശനം

ആലപ്പുഴ: സംസ്ഥാന സർക്കാർ സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റിന്റെ (ഐ.എച്ച്.ആർ.ഡി) കീഴിൽ കണ്ണൂർ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പട്ടുവം (0460 2206050), ചീമേനി (04672 257541), കൂത്തുപറമ്പ് (0490 2362123), പയ്യാവൂർ (നെരുവമ്പ്രം) (04972877600), മഞ്ചേശ്വരം (04998215615), മാനന്തവാടി (04935245484) എന്നീ അപ്ലൈഡ് സയൻസ് കോളേജുകളിൽ 2019-20 അധ്യയനവർഷത്തിൽ ബിരുദാനന്തര ബിരുദ കോഴ്സുകളിൽ കോളജുകൾ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ ഫോറവും പ്രോസ്പെക്ടസ്സും ഐ.എച്ച്.ആർ.ഡി.യുടെ വെബ്സൈറ്റിൽ www.ihrd.ac.in ലഭ്യമാണ്. അപേക്ഷ പൂരിപ്പിച്ച് പ്രവേശനം ആഗ്രഹിക്കുന്ന കോളജിലെ പ്രിൻസിപ്പലിന്റെ പേരിൽ മാറാവുന്ന

500 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം (പട്ടികവിഭാഗക്കാർക്ക് 200 രൂപ) രജിസ്ട്രേഷൻ ഫീസായി ബന്ധപ്പെട്ട കോളജുകളിൽ അപേക്ഷിക്കാം. തുക കോളജുകളിൽ നേരിട്ടും അടയ്ക്കാം. കൂടുതൽ വിവരങ്ങൾ അതത് കോളജുകളിൽ നിന്നും ലഭിക്കും

## പ്രളയാനന്തര പുനർ നിർമ്മാണം: കാർത്തികപ്പള്ളിയിലെ പ്രവർത്തനം വിലയിരുത്തി

ഹരിപ്പാട്: പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് കാർത്തികപ്പള്ളി താലൂക്കിലെ പ്രവർത്തനങ്ങൾ ജില്ല കളക്ടർ എസ്. സുഹാസ് വിലയിരുത്തി. പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് കാർത്തികപ്പള്ളി താലൂക്കുതലത്തിൽ നടത്തിയ ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരുടെ യോഗത്തിലാണ് വിവിധ നഗരസഭകൾ, ഗ്രാമപഞ്ചായത്തുകൾ എന്നിവയുടെ പ്രവർത്തന മികവ് വിലയിരുത്തിയത്.

സംസ്ഥാനത്ത് ഇതിനകം പുനർ നിർമ്മാണ പ്രവർത്തനങ്ങളിൽ ഏറ്റവും അധികം തുക വിതരണം ചെയ്തത് ആലപ്പുഴ ജില്ലയിലാണ്. നഗരസഭ, ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിലെ സെക്രട്ടറിമാർ കൂടുതൽ ക്രിയാത്മകമായി പ്രവർത്തിക്കണമെന്നും പ്രളയത്തിലകപ്പെട്ട് വീടുൾപ്പടെ നഷ്ടപ്പെടുന്ന തരത്തിലുള്ള ദുരിതങ്ങൾ സംഭിച്ച ഒരാൾക്കു പോലും സഹായം കിട്ടാത്ത അവസ്ഥ ഉ ാവരുതെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. ഡോക്യുമെന്റേഷൻ, അപ്പീൽ എന്നിവ അടിയന്തിരമായി പൂർത്തിയാക്കണം. ഉദ്യോഗസ്ഥ അനാസ്ഥ കാരണം അർഹർക്ക് ആനുകൂല്യം ലഭിക്കുന്നത് വൈകരുതെന്ന് അദ്ദേഹം ഓർമിപ്പിച്ചു.

ഇതുമായി ബന്ധപ്പെട്ട ജോലികൾ പൂർത്തിയാക്കാനുള്ള പഞ്ചായത്തുകൾ ഉടൻ തന്നെ പൂർത്തിയാക്കി തഹസിൽദാർക്ക് റിപ്പോർട്ട് സമർപ്പിക്കണം. പ്രളയാനന്തര പുനർ നിർമ്മാണ പ്രവർത്തനങ്ങളിൽ വളരെ പിന്നിൽ നിൽക്കുന്ന വിവിധ ഗ്രാമപഞ്ചായത്ത് അധികാരികളോട് അതൃപ്തി പ്രകടിപ്പിക്കുന്നതിനൊപ്പം അവ എത്രയും വേഗം പൂർത്തിയാക്കാനുള്ള നിർദ്ദേശവും ജില്ല കളക്ടർ നൽകി. 15 ശതമാനം വരെ, 16 മുതൽ 29 ശതമാനം വരെ, 30 മുതൽ 59 വരെ, 60 മുതൽ 74 ശതമാനം വരെ ഉ ായ നഷ്ടങ്ങളെ അടിസ്ഥാനമാക്കിയാണ് പ്രളയാനന്തര ധനസഹായം അനുവദിക്കുന്നത്.

ഹരിപ്പാട് നഗരസഭാധ്യക്ഷ വിജയമ്മ പുന്നൂർമഠം, കാർത്തികപ്പള്ളി തഹസിൽദാർ റ്റി.ഐ. വിജയ സേനൻ, അഡീഷണൽ തഹസിൽദാർ രഹന യൂനുസ്, ഡപ്യൂട്ടി തഹസിൽദാർ വിശ്വനാഥൻ കെ., വിവിധ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, സെക്രട്ടറിമാർ എന്നിവർ പങ്കെടുത്തു.

## പോളിടെക്നിക് പ്രവേശനം

ആലപ്പുഴ: ഐ.എച്ച്.ആർ.ഡി.യുടെ കീഴിലുള്ള വടകര (കോഴിക്കോട് ഫോൺ: 0496 2524920), മാള (കല്ലേറ്റുംകര :0480 2233240), മറ്റക്കര (കോട്ടയം:0481 2542022), കല്യാശ്ശേരി(കണ്ണൂർ: 0497 2780287), പൈനാവ് (ഇടുക്കി:0486 2232246), കരുനാഗപ്പള്ളി (കൊല്ലം:0476 2623597) പൂഞ്ഞാർ (കോട്ടയം:0482 2209265), കുഴൽമന്ദം(പാലക്കാട്: 0492 2272900) മോഡൽ പോളിടെക്നിക് കോളജുകളിൽ 2019-20 അധ്യയന വർഷം ഡിപ്ലോമ കോഴ്സുകളുടെ പ്രവേശനത്തിനായി ഓൺലൈൻ അപേക്ഷ ക്ഷണിച്ചു. മെയ് 30ന് വൈകിട്ട് അഞ്ചു വരെ ംംം.ശവൃറാുരേ.ീൃഴ എന്ന പോർട്ടൽ വഴി അപേക്ഷ സമർപ്പിക്കാം.

ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ പ്രിന്റ് ഔട്ട് ആവശ്യമായ രേഖകളും 200 രൂപയുടെ ഡി.ഡി. യും സഹിതം (പട്ടികവിഭാഗത്തിന് 100 രൂപ) ജൂൺ മൂന്നിന്

വൈകിട്ട് നാലിനകം പ്രവേശനം ആഗ്രഹിക്കുന്ന കോളജ് പ്രിൻസിപ്പലിന് സമർപ്പിക്കണം. പ്രവേശന യോഗ്യതയും, പ്രോസ്പെക്ടസും വിശദവിവരങ്ങളും പോർട്ടലിൽ ലഭിക്കും.

## പോ ിച്ചേരി യൂണിവേഴ്സിറ്റി: വിവിധ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു

ആലപ്പുഴ: പോ ിച്ചേരി യൂണിവേഴ്സിറ്റി മാഹി കേന്ദ്രം നടത്തുന്ന ഡിപ്ലോമ, ബിരുദ കോഴ്സുകളിലേക്കുള്ള അപേക്ഷ ക്ഷണിച്ചു. യു.ജി.സി ആവിഷ്ക്കരിച്ച അഭിരുചി അനുസൃത തൊഴിൽ പരിശീലനം നൽകുന്ന ത്രിവൽസര ബി.വോക് ഫാഷൻ ടെക്നോളജി, ജേണലിസം ആൻഡ് മാസ് കമ്മ്യൂണിക്കേഷൻ, ഒരു വർഷ കോഴ്സുകളായ ടൂറിസം ആൻഡ് സർവ്വീസ് ഇൻഡസ്ട്രി, റേഡിയോഗ്രാഫിക് ആൻഡ് ഇമേജിങ് ടെക്നോളജി എന്നീ കോഴ്സുകൾക്കാണ് അപേക്ഷ ക്ഷണിച്ചത്.ബി.വോക് കോഴ്സുകളിൽ ഒരുവർഷ പഠനശേഷം ഡിപ്ലോമ അല്ലെങ്കിൽ, ര ് വർഷ പഠനശേഷം അഡ്വാൻസ് ഡിപ്ലോമ കരസ്ഥമാക്കി കോഴ്സുകളിൽ നിന്ന് പിൻവാങ്ങാൻ വിദ്യാർഥികൾക്ക് അവസരമു ്. ഹയർ സെക്കൻഡറി കഴിഞ്ഞ ഏതൊരു വിദ്യാർഥിക്കും അപേക്ഷിക്കാം. അപേക്ഷഫോറം യൂണിവേഴ്സിറ്റി മാഹി കേന്ദ്രത്തിലും വെബ്സൈറ്റിലും ( www.pondiuni.edu.in) ലഭിക്കും. അപേക്ഷ ഫീസ് 100 രൂപ. പട്ടികവിഭാഗത്തിന് 50 രൂപ. ഭിന്നശേഷിക്കാർക്ക് സൗജന്യമാണ്. അവസാന തീയതി ജൂൺ 26. ഫോൺ: 0490-2332622, 9207982622.

## ദർഘാസ് ക്ഷണിച്ചു

ആലപ്പുഴ: ജില്ലയിലെ വിവിധ സർക്കാർ ഓഫീസുകൾക്ക് 2019-20ലെ സാമ്പത്തിക വർഷത്തേക്കുള്ള റബ്ബർ ലോഹ മുദ്രകൾ നിർമിച്ചുനൽകുന്നതിന് ദർഘാസ് ക്ഷണിച്ചു. ജൂൺ20ന് ഉച്ചയ്ക്കു ര ിനകം ജില്ല സ്റ്റേഷനറി ഓഫീസറുടെ കാര്യാലയത്തിൽ അപേക്ഷിക്കണം. ദർഘാസ് ഫോറം 19ന് വൈകീട്ട് മൂന്നു വരെ ജില്ല സ്റ്റേഷനറി ഓഫീസറുടെ കാര്യാലയത്തിൽ നിന്ന് ലഭിക്കും. ഫോൺ: 077-2263404.